വിഷയം	മാർക്ക് വ്യത്യാസം
മലയാളം I	12
മലയാളം II	12
ഇംഗ്ലീഷ് I	24
ഇംഗ്ലീഷ് II	21
ഹിന്ദി	31
ചരിത്രവും പൗരധർമ്മവും	11
ഭൂമിശാസ്ത്രവും സാമ്പത്തിക ശാസ്ത്രവും	23
ഭൗതിക ശാസ്ത്രം	35
രസതന്ത്രം	20
ജീവശാസ്ത്രവും ആരോഗ്യശാസ്ത്രവും	37
കണക്ക് പേപ്പർ I	38
കണക്ക് പേപ്പർ II	37
സംസ്കൃതം (അക്കാഡമിക്)	14
സംസ്കൃതം (ഓറിയന്റൽ)	2
സ്പെഷ്യൽ ഇംഗ്ലീഷ്	6

(ബി) റീവാല്യുവേഷനിൽ വ്യത്യാസം വന്നത് പ്രധാനമായും വാല്യൂ ചെയ്ത അദ്ധ്യാപകർ മാർക്ക് കൂട്ടി എഴുതുന്നതിൽ വരുന്ന പിശക് മൂലമാണ്. ഇപ്രകാരം തെറ്റു വരുത്തിയ അദ്ധ്യാപകരുടെമേൽ നടപടി സ്വീകരിക്കുന്നതാണ്.

(സി) നിലവിലുള്ള വ്യവസ്ഥയനുസരിച്ച് അഞ്ച് വർഷംവരെ പരീക്ഷാ സംബന്ധമായ എല്ലാ ജോലികളിൽ നിന്നും മാറ്റി നിർത്തും.

സ്കൂൾ വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

17 (* 646) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഇല്ലെങ്കിൽ സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഇത് സംബന്ധിച്ച് ഏതെങ്കിലും ഇൻഷ്വറൻസ് കമ്പനികളുമായി ഗവൺമെന്റ് ചർച്ചകൾ നടത്തിയിട്ടുണ്ടോ ;

(ഇ) വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തുസൂപ്പി) :

(എ & ബി) ഉണ്ട്. 13-8-2002 വരെ ഇൻഷ്വറൻസ് കമ്പനികൾ മുഖേനയാണ് സ്കൂൾ വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകിയിരുന്നത്. എന്നാൽ 2002-03 അദ്ധ്യയന വർഷത്തിൽ ഇൻഷ്വറൻസ് കമ്പനികൾ ഉയർന്ന പ്രീമിയം ആവശ്യപ്പെട്ടപ്പോൾ ഈ പദ്ധതി 14-8-2002 മുതൽ 13-8-2003 വരെ വിദ്യാഭ്യാസ വകുപ്പു നേരിട്ട് നടത്തുവാൻ സർക്കാർ അനുമതി നൽകി.

(സി) സ്കൂൾ വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഇപ്പോഴും നിലവിലുണ്ട്.

(ഡി & ഇ) ഇല്ല. എന്നാൽ ഡയറക്ടറേറ്റ് തലത്തിൽ ഇൻഷ്വറൻസ് കമ്പനികളുമായി ചർച്ച നടത്തിയിട്ടുണ്ട്. ഇൻഷ്വറൻസ് കമ്പനികൾ ഒരു കുട്ടിക്ക് 81 പൈസ നിരക്കിൽ സ്കീം തുടർന്നു കൊണ്ടുപോകാൻ ബുദ്ധിമുട്ടാണെന്നും ഒരു കുട്ടിക്ക് 1 രൂപ 30 പൈസ നിരക്കിൽ പ്രീമിയം അടയ്ക്കണമെന്നുമുള്ള നിലപാടിൽ ഉറച്ചു നിൽക്കുകയും ചർച്ചയുടെ ഒടുവിൽ ഒരു കുട്ടിക്ക് ഒരു രൂപ ഇരുപത്തിയഞ്ചു പൈസ എന്ന നിരക്കിൽ സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ ഇൻഷ്വറൻസ് കമ്പനികളും സ്കീം പരിരക്ഷ അപകടത്തിൽ മരണമടയുന്ന കുട്ടികൾക്കും അംഗഭംഗം സംഭവിക്കുന്ന കുട്ടികൾക്കും മാത്രമായി പരിമിതപ്പെടുത്തുകയാണെങ്കിൽ ഒരു കുട്ടിക്ക് 50 പൈസ നിരക്കിൽ പ്രീമിയം അടച്ചാൽ മതിയെന്നും സമ്മതിച്ചു.

വരുമാന സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ

18 (* 647) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വരുമാന സർട്ടിഫിക്കറ്റ് നൽകുന്നതിന് നിലവിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം എന്തൊക്കെയാണ് ;

(ബി) പ്രസ്തുത സർട്ടിഫിക്കറ്റ് നൽകുമ്പോൾ ജീവനക്കാരുടെ ക്ഷാമബത്തകൂടി വരുമാനമായി കണക്കാക്കുന്നുണ്ടോ ;

(സി) വരുമാനം കണക്കാക്കുന്ന കാര്യത്തിൽ നിലവിലുള്ള ഉത്തരവുകൾ പുതുക്കി നിശ്ചയിക്കുവാൻ നടപടി സ്വീകരിക്കുമോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) 23-3-1985-ലെ ജി.ഒ. (എം.എസ്.) 192/85/ആർ.ഡി. സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് വരുമാന സർട്ടിഫിക്കറ്റ് നൽകി വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly